**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T4170**
**13.12.2018 ലെ മറുപടിയ്ക്ക്**

## <u>സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി</u>

**ചോദ്യം :**
**ശ്രീ.വി.ആർ.സുനിൽ കുമാർ**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രഖ്യാപിക്കുന്നതിന് മുൻപ് പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിക്കുകയും പരീക്ഷ നടത്തുകയും പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും 2013 മാർച്ച് 31 ന് മുമ്പ് ജോലിയ്ക്ക് പ്രവേശിച്ചവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുകയും അതിനു ശേഷം ജോലിയ്ക്ക് പ്രവേശിച്ചവർക്ക് പങ്കാളിത്ത പെൻഷനുമാണ് നടപ്പാക്കിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 07/01/2013-ലെ സ.ഉ.(പി)നം.20/2013/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാരിലോ, സർക്കാരിന് കീഴിലെ കെ.എസ്.ആർ ഭാഗം III ബാധകമായിരിക്കുന്ന സ്ഥാപനങ്ങളിലോ 01/04/2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ബി | 2013 – ൽ കേന്ദ്ര ജീവനക്കാർ നടത്തിയ നിയമപോരാട്ടത്തിൽ ബഹു.സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഈ വിവേചനം നേരിട്ട ജീവനക്കാരെ കൂടി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇതേ വിവേചനം നേരിട്ട സംസ്ഥാന ജീവനക്കാരെ കൂടി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തുമോ; | |
| സി | ടി വിഷയം പങ്കാളിത്ത പെൻഷൻ പദ്ധതി പുനർ നിർണ്ണയ സമിതിയുടെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ